# റൂഹാമൗണ്ട് ടൈംസ്

RUHAMOUNT TIMES www.ruhamount.org


PDM RUHAMOUNT, ATTAPADY

PDM RUHA MOUNT MONASTERY ATTAPPADY

Volume: 02 | Issue: 07 | Page: 04

*Happy New Year* 2024 - JANUARY


## സുവിശേഷപ്രഘോഷണം-വിശ്വാസികളുടെ മൗലിക കടമ



സുവിശേഷം പ്രസംഗിക്കേണ്ടത് ഓരോ ക്രിസ്ത്യാനിയുടെയും കടമയാണ്. ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം'' (1.കൊറി.9:16). സുവിശേഷ പ്രഘോഷണം ഓരോ വിശ്വാസിയുടെയും മൗലീക കടമയാണ്. പിതാവിനെ സംസ്ക്കരിക്കാൻ കാത്തുനിന്നവനോട് യേശു പറഞ്ഞു: എന്നെ അനുഗമിക്കുക. അവൻ പറഞ്ഞു: കർത്താവേ, ഞാൻ ആദ്യം പോയി എന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിച്ചാലും. അവൻ പറഞ്ഞു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക (ലൂക്കാ.9:59–60).

ആദ്യകാല മിഷനറിമാരെവച്ച് നോക്കുമ്പോൾ ആധുനിക മിഷനറിമാരുടെ പ്രവർത്തനങ്ങളിലൂടെ കാര്യമായ കൊയ്ത്ത് ഉണ്ടാകുന്നില്ല. അതിനെപ്പറ്റി ആർച്ച് ബിഷപ്പ് ഫുൽട്ടൻ ജെ ഷീൻ പറഞ്ഞു: ''കത്തോലിക്കാ സഭയിൽ സത്യമുണ്ട്, തീ ഇല്ല. കമ്മ്യൂണിസ്റ്റുകൾക്ക് തീയുണ്ട്, സത്യമില്ല. തീയുള്ളതുകൊണ്ട് കമ്മ്യൂണിസ്റ്റുകാർക്ക് ധാരാളം പേരെ കിട്ടുന്നു. സത്യംതന്നെയായ വചനത്തെ തീവ്രതയോടും തീക്ഷണതയോടും തീ പാറുന്ന രീതിയിൽ വചനം വിളമ്പുമ്പോൾ സഭയിലെ ഹേമന്തം അവസാനിക്കുകയും വസന്തത്തിന്റെ പുതുമുകുളങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നു. തണുപ്പിന്റെ സുഖത്തിലുള്ള ഉറക്കത്തിന് വിരാമമിട്ട്, ഉണർവ്വോടെ, ജാഗ്രതയോടെ നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വാഴ്ത്തപ്പെട്ട ഗാബ്രാ മിഖായിലിനെപ്പോലെ പറയുവാനാവണം; ''എന്നെ കൊല്ലുകയാണെങ്കിൽ വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഞാൻ മരിക്കും; ജീവിക്കുവാൻ അനുവദിക്കുകയാണെങ്കിൽ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് ജീവിക്കും.'' ആകയാൽ ഓരോ വിശ്വാസിയും തീരുമാനമെടുക്കണം; എന്ത് ത്യാഗം സഹിച്ചും ഞാൻ സുവിശേഷം പ്രസംഗിക്കും എന്ന്. പ്രേഷിതവേല ഏല്പിക്കപ്പെട്ടിരിക്കുന്നത് എല്ലാവർക്കുമായാണ്. അതിൽ നിന്ന് ഒഴികഴിവില്ല.

**റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ PDM**



2023 ഡിസംബർ 1ന് നടന്ന അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ആദ്യവെള്ളി കൺവെൻഷനിൽ നിന്ന് (വചന ഹാൾ ഉൾഭാഗം)




**32-മത് പൂങ്കാവ് AFCM അഭിഷേകാഗ്നി കൺവെൻഷൻ**

**ഹോളി സ്പിരിറ്റ് ഈവനിംഗ് കൺവെൻഷൻ**

2024 ഫെബ്രുവരി 4 മുതൽ 8 വരെ, വൈകീട്ട് 5.30 മുതൽ 9.30 വരെ

നയിക്കുന്നത്: റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ PDM & ടീം

അനുഗ്രഹദായകമായ ഈ വചന വിരുന്നിലേക്ക് ഏവർക്കും സ്വാഗതം



## ആദ്യവെള്ളി ശുശ്രൂഷയിൽ പങ്കെടുത്തു. അത്ഭുതകരമായ രോഗസൗഖ്യം ലഭിച്ചു

എന്റെപേര് ലീമാ അലക്സ്. കലൂർ കത്രിക്കടവിലാണ് ഞാൻ താമസിക്കുന്നത്. 2017–ജൂൺ മാസത്തിൽ ഒരു ദിവസം ഞാൻ കുളി കഴിഞ്ഞ് മുടിചീകിയപ്പോൾ ചീപ്പില് ഒരുപാട് മുടി കൊഴിഞ്ഞുവന്നു. എന്റെ ചേച്ചിയെ വിളിച്ച് ഞാൻ കാണിച്ചുകൊടുത്തു. ഇത്രേം മുടി ചീപ്പിൽ വന്നാൽ എന്റെ തലയിൽ ഇനി മുടിയൊന്നും ഉണ്ടാവില്ലല്ലോ എന്ന് ഞാൻ ചേച്ചിയോട് പറഞ്ഞു. പിന്നീട് തലയിൽ നോക്കുമ്പോൾ ഒരുഭാഗത്ത് മൊത്തം മുടികൊഴിഞ്ഞ് മൊട്ടതലപോലെയായത് അപ്പോഴാണ് ഞാൻ കാണുന്നത്. എനിക്ക് ഭയങ്കര വിഷമമായി. പള്ളിയിൽ മുടങ്ങാതെ ഞാൻ പോകുമായിരുന്നു പക്ഷേ മുടിപോയതിനുശേഷം ഞാൻ തലമൂടിയിടും. എന്നെ കാണുന്നവർ എന്നെ കണ്ട് കരയുമായിരുന്നു. ഡോക്റെ കാണിച്ചപ്പോൾ ഡോക്ടർ പറഞ്ഞത് അലോപേഷ്യ എന്ന അസുഖമാണ്. മുടിവളരാൻ കുറച്ചുസമയം എടുക്കുമെന്നും പറഞ്ഞു. ഡോകറുടെ മരുന്ന് കഴിക്കും തോറും മുടി കൂടുതൽ പോയ്ക്കൊണ്ടിരുന്നു. ഞാൻ എല്ലാമാസവും അട്ടപ്പാടിയിൽ പോകുമായിരുന്നു. എല്ലാമാസവും വെള്ളിയാഴ്ച്ച അവിടുന്ന് വണ്ടിവരുന്നുണ്ടായിരുന്നു. അങ്ങനെ ഞാൻ അട്ടപ്പാടിയിൽ കൽകുരിശുമലയിൽനിന്ന് വെഞ്ചരിച്ച വെള്ളമെടുത്ത് എന്റെ തലയിൽ ഒഴിച്ചു കുരിശിൽ തലവച്ച് കരഞ്ഞ് പ്രാർത്ഥിച്ചു. പിന്നെ ധ്യാനം കൂടി. വട്ടായിലച്ചൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. അച്ചന് തലകാണിച്ചുകൊടുത്തു. അച്ചൻ പറഞ്ഞു വിഷമിക്കണ്ട ശരിയാവും എന്നു പറഞ്ഞു . പിറ്റേമാസവും പോയി. അപ്പോൾ സാംസൺ അച്ചനോട് പറഞ്ഞ് തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. പിന്നെ സാവധാനം മുടി വളരാൻ തുടങ്ങി. ഇപ്പോൾ നല്ല മുടിതന്ന് കർത്താവ് എന്നെ അനുഗ്രഹിച്ചു.

–ലീമാ അലക്സ്, കത്രിക്കടവ്


# HOLY SPIRIT EVENING

- Praise and Worship
- Proclamation
- Eucharistic Adoration
- Healing Prayer
- Deliverance Prayer
- Testimonials



നയിക്കുന്നത്
ഫാ. സേവ്യർ ഖാൻ വട്ടായിൽ PDM

RMTv യൂട്യൂബ് ചാനലിൽ
വചന പ്രഘോഷണവും – സൗഖ്യ ശുശ്രൂഷയും
എല്ലാ ബുധനാഴ്ചകളിലും
സമയം: 6.30pm – 9.30.pm വരെ

NB: 6.30 pm ന് ആരംഭിക്കുന്ന ഈ ശുശ്രൂഷയിൽ 8.00 pm ന് ബഹു. സേവ്യർഖാൻ വട്ടായിലച്ചൻ ലൈവിൽ വരും

ഈ പ്രോഗ്രാം കാണാൻ ആഗ്രഹിക്കുന്നവർ
RMTv YouTube ചാനൽ സബ്സ്ക്രൈബ് ചെയ്യുക


## സുവിശേഷവത്കരണത്തിന്റെ വ്യത്യസ്ത സാഹചര്യങ്ങൾ

ധ്യാന ചിന്ത >> റവ.ഫാ.സാംസൺ ക്രിസ്റ്റി മണ്ണൂർ PDM



എക്കാലത്തും ഒരേ ഒരു ദൗത്യമേ സഭയ്ക്ക് നിർവ്വഹിക്കാനുള്ളൂ.അത് സുവിശേഷവത്ക്കരണമാണ്. 1979–ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ നവ സുവിശേഷവത്ക്കരണം എന്ന വാക്ക് ആദ്യം ഉപയോഗിച്ചു. 1990–ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച 'രക്ഷകന്റെ മിഷൻ' എന്ന ചാക്രിക ലേഖനത്തിൽ സുവിശേഷവത്കരണത്തിന്റെ മൂന്നു വ്യത്യസ്ത സാഹചര്യങ്ങൾ വിവരിക്കുന്നുണ്ട് (രക്ഷകന്റെ മിഷൻ,33).

യേശുവിയെും അവിടുത്തെ സുവിശേഷത്തെയും ഇനിയും അറിയാത്ത ജനസമൂഹങ്ങളിൽ – നാടുകളിൽ – സാമൂഹ്യ – സാംസ്ക്കാരിക സാഹചര്യങ്ങളിൽ സുവിശേഷം എത്തിക്കുക. പരമ്പരാഗതമായി 'സുവിശേഷവത്ക്കരണം' ഈ അർത്ഥത്തിലാണ് (ജനതകളോടുള്ള സുവിശേഷവത്ക്കരണം) ഉപയോഗിച്ചിരുന്നത്. അതായത്, അക്രൈസ്തവരുടെ ഇടയിൽ. ക്രിസ്തുവിനെയും അവിടുത്തെ സുവിശേഷത്തെയും നൽകുക. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവരും സഭാപരമായ അടിത്തറയിൽ വളർന്നിട്ടുള്ളവരും അതിൽ മുന്നേറുന്നവരുമായ സമൂഹങ്ങൾക്ക് സഭയുടെ അജപാലന പ്രവർത്തന (പാസ്റ്ററൽ കെയർ) നിർവ്വഹണം ആവശ്യമാണ്. അതായത് ക്രൈസ്തവർ അജപാലന ശുശ്രൂഷയിൽ സജീവമായി ഇടപെടുന്നു.

മേൽപ്പറഞ്ഞ രണ്ടു സാഹചര്യങ്ങളിലും പെടാത്ത, മറ്റൊരു വിഭാഗവുമുണ്ട്: ഒരിക്കൽ വിശ്വാസം സ്വീകരിച്ചവർ, എന്നാൽ ഇന്ന് വിശ്വാസം നഷ്ടപ്പെട്ടവരായി, തങ്ങൾ സഭാംഗങ്ങളാണെന്ന് പോലും കരുതാത്തവർ, യേശുക്രിസ്തുവിൽ നിന്നും സുവിശേഷത്തിൽനിന്നും അകന്നു കഴിയുന്നവർ. ഇത്തരം സാഹചര്യങ്ങളിലാണ് നവസുവിശേഷവൽക്കരണത്തിന്റെ അഥവാ പുനഃസുവിശേഷവത്കരണത്തിന്റെ ആവശ്യകതയുള്ളത്. അതായത് വിശ്വാസം നഷ്ടമാക്കി ജീവിക്കുന്നവരെ വീണ്ടും സുവിശേഷവത്കരിക്കുക. ഈ ദൗത്യ നിർവ്വഹണത്തിനായി യേശു – സഭ – നമ്മെ ക്ഷണിക്കുന്നു.




## ഓൺലൈൻ ധ്യാനശുശ്രൂഷയിൽ പങ്കെടുത്തു. ഉന്നത വിജയം നൽകി കർത്താവ് അനുഗ്രഹിച്ചു.

എന്റെ പേര് അഥീന ഫ്രാൻസിസ്. ഞാൻ എറണാകുളം ഇളംകുളം ഇടവകയിൽനിന്നു വരുന്നു. ഞങ്ങൾ കുടുംബസമേതം എല്ലാ ആഴ്ചയും ഓൺലൈൻ ശുശ്രൂഷ കാണാറുണ്ട്. ഒരിക്കൽ അതിൽ വട്ടയിലച്ചന്റെ വിദ്യാർത്ഥികൾക്കായി ഒരു സ്പെഷൽ എപ്പിസോഡ് ഉണ്ടായിരുന്നു. അതിൽ, സെഫാനിയ. 3: 17— ദൈവമായ കർത്താവ് വിജയം നൽകുന്ന യോദ്ധാവ് നിന്റെ മദ്ധ്യേയുണ്ട്. ഈ വചനം വെച്ച് പഠിച്ചാൽ നിങ്ങൾക്ക് എല്ലാ പഠനതടസ്സവും മാറികിട്ടും എന്നു പറഞ്ഞു. എന്റെ എല്ലാ ബുക്കിലും ഞാൻ ഈ വചനം എഴുതി വച്ചു. അങ്ങനെ ഞാൻ ഈ വചനംവച്ച് വിശ്വസിച്ച് പ്രാർത്ഥിച്ച് പഠിച്ചു. എനിക്ക് +2–വിന് ഫുൾമാർക്ക് കിട്ടി. ഈശോ എന്നെ അനുഗ്രഹിച്ചു.

–അഥീന, എറണാകുളം





AFCM SECOND SATURDAY CONVENTION AT BETHEL CONVENTION CENTRE

Ruhamount Times Own behalf of PDM Ruhamount Mannuthy, Director Fr. Xavier Khan Vattayil PDM, Cheif Editor: Sabu Kasargod, Circulation Manager: Vincent Thrissur
Printed & Published by: Anointing Fire Media Ministry, St. Jude Tower Robinson Road, Palakkad, Kerala, S. India -PIN -678 001, Printed@Magictech